## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 346

24.06.2014 ൽ മറുപടിയ്ക്ക്

# സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി അനുവദിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രൈമറി സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയ്ക്ക് ഓഹരി അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) സഹകരണ ബാങ്കുകളുടെ മൂലധനം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളുടെ കടം വാങ്ങുന്നതിനുള്ള പരിധി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ ബാങ്കുകളുടെയും മൂലധന പര്യാപ്തത കൈവരിക്കുന്നതിനായും സർക്കാർ ഓഹരി നൽകാറുണ്ട്. |
| (സി) എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) 2013-14 സാമ്പത്തിക വർഷത്തിൽ മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിനും 6 ജില്ലാ സഹകരണ ബാങ്കുകൾക്കും 199.50 കോടി രൂപയും മൂലധന പര്യാപ്തത കുറഞ്ഞ 2 അർബൻ സഹകരണ ബാങ്കുകൾക്ക് 10 ലക്ഷം രൂപയും 259 സർവീസ് |

| | | |
|---|---|---|
| | | സഹകരണ ബാങ്കുകൾക്ക് 248.45 ലക്ഷം രൂപയും അടക്കം, ആകെ 202.08 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം തരം ബാങ്കുകൾക്കാണ് ഓഹരി അനുവദിച്ചിട്ടുള്ളത് വിശദമാക്കുമോ? | (ഡി) സംസ്ഥാന സഹകരണ ബാങ്ക്, 6 ജില്ലാ സഹകരണ ബാങ്കുകൾ, 2 അർബൻ സഹകരണ ബാങ്കുകൾ, 259 സർവീസ് സഹകരണ ബാങ്കുകൾ എന്നിവക്കാണ് 2013-14 സാമ്പത്തിക വർഷം ഓഹരി അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ